പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4264 20.03.2018-ലെ മറുപടിക്ക്

## വെട്ടിക്കുറച്ച ട്രിപ്പ് പുന:രാരംഭിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ദാസൻ | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | വടകരയിൽ നിന്നും കൊളാവിപ്പാലം വഴി കോഴിക്കോട് മെഡിക്കൽ കോളേജിലേക്ക് ദിവസേന രണ്ട് ട്രിപ്പ് സർവ്വീസ് നടത്തിയിരുന്ന കെ.എസ്.ആർ.ടി.സി. ബസ് ഇപ്പോൾ ഒരു ട്രിപ്പ് മാത്രമാണോ സർവ്വീസ് നടത്തുന്നത്; സർവ്വീസ് വെട്ടിക്കുറക്കാനുണ്ടായ കാരണം വ്യക്തമാക്കാമോ; | (എ) | വടകര ഡിപ്പോയിൽ നിന്നും കൊളവിപ്പാലം വഴി മെഡിക്കൽ കോളേജിലേയ്ക്ക് നിലവിൽ കെ.എസ്.ആർ.ടി.സി ഒരു ട്രിപ്പ് നടത്തി വരുന്നു. നഷ്ടത്തിലോടുന്ന കെ.എസ്.ആർ.ടി.സി.യുടെ സമഗ്ര പുനരുദ്ധാരണത്തിന്റെ ഭാഗമായി വരുമാനം കുറവുള്ള സർവ്വീസുകളെ പുനഃക്രമീകരിച്ചതിന്റെ ഭാഗമായാണ് 14.10 ന് കൊളവിപ്പാലം വഴിയുള്ള മെഡിക്കൽ കോളേജ് ട്രിപ്പ് താൽക്കാലികമായി നിർത്തി വച്ചിരിക്കുന്നത്. |
| (ബി) | വെട്ടിക്കുറച്ച ട്രിപ്പ് പുന:രാരംഭിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) | സമഗ്രപുനരുദ്ധാരണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടില്ലാത്തതിനാൽ പുനഃക്രമീകരിച്ച് ഷെഡ്യൂളുകൾ / ട്രിപ്പുകൾ പുനരാരംഭിക്കുവാൻ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ